"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്കനടപടി - സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനിലെ ചെതലത്ത് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന പാമ്പ്ര കോഫിപ്ലാന്റേഷന്റെ കൈവശത്തിൽ നിന്നും സർക്കാരിൽ നിക്ഷിപ്തമാക്കിയ വനഭൂമിയിൽ നിന്നും നിയമ വിരുദ്ധമായി വൻതോതിൽ മരങ്ങൾ മുറിച്ചു മാറ്റിയതുമായി ബന്ധപ്പെട്ട സംഭവം - ശ്രീ.പി.സലീം, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് ഉത്തരവാകുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.287/2021/വനം തീയതി,തിരുവനന്തപുരം, 14/09/2021

---

പരാമർശം:-

1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 27.06.2018-ലെ ബി1-35765(1)/2018 നമ്പർ നടപടി ഉത്തരവ്.
2. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി) & ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (പൂർണ്ണ അധിക ചുമതല)-ന്റെ 26.11.2018-ലെ ബി1/35765/18 നമ്പർ നടപടി ഉത്തരവ്.
3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 02.02.2021-ലെ ബി1-35765/2018 നമ്പർ അന്തിമ ഉത്തരവ്
4. ശ്രീ.പി.സലീം, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ 05.04.2021-ൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.
5. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 05.07.2021-ലെ ബി1-35765/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനിലെ ചെതലത്ത് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന പാമ്പ്ര കോഫിപ്ലാന്റേഷന്റെ കൈവശത്തിൽ നിന്നും സർക്കാരിൽ നിക്ഷിപ്തമാക്കിയ വനഭൂമിയിൽ നിന്നും നിയമ വിരുദ്ധമായി വൻതോതിൽ മരങ്ങൾ മുറിച്ചു മാറ്റിയതുമായി ബന്ധപ്പെട്ട് ചെതലത്ത് റെയിഞ്ച് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറും ഇരുളം സ്റ്റേഷന്റെ അഡീഷണൽ ചാർജ്ജ് വഹിച്ചിരുന്നതുമായ ശ്രീ.പി.സലീമിനെ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, തുടർന്ന് പരാമർശം (2) പ്രകാരം സർവ്വീസിൽ പുന:പ്രവേശിപ്പിക്കുകയും ചെയ്തു.

മേൽ വിഷയത്തിൽ നടത്തിയ ഔപചാരിക അന്വേഷണത്തിൽ ഇരുളം ഫോറസ്റ്റ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ഒ.ആർ. 02/2018 കേസിന്റെ മഹസ്സർ ശരിയാംവണ്ണം പരിശോധന

നടത്തിയിട്ടില്ല എന്ന കുറ്റം ഒഴികെ ടിയാനിൽ ആരോപിക്കപ്പെട്ട കുറ്റങ്ങളൊന്നും തന്നെ തെളിയിക്കപ്പെട്ടിട്ടില്ല. ഔപചാരിക അന്വേഷണത്തിൽ തെളിയിക്കപ്പെട്ട മേൽ കുറ്റത്തിന് 'സെൻഷർ' എന്ന ശിക്ഷ നൽകി കൊണ്ട് പരാമർശം (3) പ്രകാരം ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കുകയും ചെയ്തു. ഇതിനെതിരെ ശ്രീ പി സലീം പരാമർശം (4) പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിച്ചു.

21 വർഷത്തെ സേവനം പൂർത്തിയാക്കിയ ആളാണെന്നും ഒന്നാം റാങ്കോടെയാണ് ഫോറസ്റ്റ് ഗാർഡ് ട്രയിനിംഗ് പൂർത്തിയാക്കിയിട്ടുള്ളതെന്നും, കൂടാതെ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായിരിക്കെ മികച്ച സേവനത്തിന് ബഹു. കേരള മുഖ്യമന്ത്രിയുടെ മെഡൽ 2011- ൽ കരസ്ഥമാക്കിയിട്ടുണ്ടെന്നും, നാളിതുവരെയുള്ള സർവ്വീസിൽ ഈ കേസ്സ് ഒഴികെ, അതിന് മുമ്പോ, ശേഷമോ മേലുദ്യോഗസ്ഥരിൽ നിന്നും യാതൊരു അച്ചടക്ക നടപടിയും നേരിടേണ്ടി വന്നിട്ടില്ലെന്നും, കുറ്റപത്രത്തിലെ 5-ാമത്തെ കുറ്റത്തിനാണ് ശിക്ഷ നൽകിയിട്ടുള്ളതെന്നും ,ടി കുറ്റം ഭാഗികമായി മാത്രം തെളിയുന്നുണ്ടെന്നും എന്നാൽ ഒഴിവാക്കാവുന്നതാണെന്നും, അന്വേഷണ ഉദ്യോഗസ്ഥനായ കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ശുപാർശ നൽകിയിട്ടുണ്ടെന്നും, ഒ.ആർ. 2/18 കേസ്സിന്റെ മഹസ്സർ തിയ്യതിക്കു മുമ്പുള്ള രണ്ടു ദിവസം ടിയാൻ റംസാൻ അവധിയിലായിരുന്നുവെന്നും, 17.06.2021-ന് റെയിഞ്ചിൽ ഡ്യൂട്ടിക്കെത്തിയപ്പോൾ അടുത്ത ദിവസം കണ്ണൂർ ഉത്തരമേഖല സി.സി.എഫ്. ഓഫീസിലെ ഫോറസ്റ്റ് ഒഫൻസ് റിവ്യൂ മീറ്റിംഗിന് പങ്കെടുക്കാൻ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ കല്പിച്ചതിനാൽ ടി സ്റ്റേഷനിലെത്തി ജീവനക്കാർക്ക് നിർദേശങ്ങൾ നൽകിയ ശേഷം ഉടൻ തന്നെ മടങ്ങി റെയിഞ്ച് ഓഫീസിലെത്തുകയും ആവശ്യമായ ഫയലുകൾ ശരിയാക്കുകയും ചെയ്യുകയാണുണ്ടായതെന്നും അതിനിടയിൽ ജീവനക്കാർ കുറ്റകൃത്യം കണ്ടെത്തിയ വിവരമറിഞ്ഞ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ സമീപിച്ചപ്പോൾ റിവ്യൂ മീറ്റിംഗ് കഴിഞ്ഞശേഷം ടി കേസ്സിൽ ഇടപെട്ടാൽ മതിയെന്ന് അദ്ദേഹം കല്പിക്കുകയും റെയിഞ്ച് ഡെപ്യൂട്ടി എന്ന നിലയിൽ അപ്രകാരം റെയിഞ്ച് ഓഫീസറുടെ ഉത്തരവ് പാലിച്ചുകൊണ്ട് കണ്ണൂരിൽ വെച്ച് നടത്തപ്പെട്ട റിവ്യൂ മീറ്റിംഗിൽ പങ്കെടുക്കുകയുമായിരുന്നുവെന്നും, കൂടാതെ, 17/06/2018-ന് 5.30 മണിക്ക് അവസാനിച്ച മഹസർ അന്നു തന്നെ പരിശോധിക്കാനുള്ള സമയം ഉണ്ടായിരുന്നില്ലെന്നും, റിവ്യൂ മീറ്റിംഗ് കഴിഞ്ഞ് 19.06.2018-ന് റെയിഞ്ചിൽ തിരിച്ചെത്തിയ ശേഷമാണ് ഒ.ആർ. 2 / 18 കേസ്സിന്റെ മഹസ്സറുമായി കൃത്യസ്ഥലം ഒത്തുനോക്കി പരിശോധിക്കാനായതെന്നും, അന്നേദിവസം (19.06.2018-ന്) പകൽ മുഴുവൻ ടി സ്ഥലം പരിശോധിച്ച ശേഷമാണ് വൈകുന്നേരം 5 മണിക്ക് ടി മഹസ്സർ പരിശോധിച്ചതെന്നും, ടി മഹസ്സറിൽ ഒപ്പുവെച്ച തിയ്യതി 19.06.18-ന് പകരം 17.06.2018 എന്ന് ക്ലറിക്കൽ പിശക് സംഭവിക്കുകയും അന്നു തന്നെ അതു കണ്ടെത്തി തിരുത്തുകയും ചെയ്തിരുന്നുവെന്നും, എന്നാൽ തിരുത്തുന്നതിന് മുമ്പ് പകർപ്പെടുത്ത കോപ്പിയാണ് ഫയലിൽനിന്നും അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെടുത്ത് പരിശോധിച്ചിട്ടുള്ളതെന്നും, മഹസ്സറിന്റെ അസ്സൽ ബഹു. കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണെന്നും, ആയതിൽ ശരിയായ തീയ്യതിയും സമയവുമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും, അക്കാര്യം പരിശോധിച്ചു ബോധ്യപ്പെടാവുന്നതെയുള്ളൂവെന്നും, ഇക്കാര്യങ്ങൾ പരിഗണിച്ച് ശിക്ഷ റദ്ദ് ചെയ്യണമെന്നും അപേക്ഷകൻ അപ്പീൽ അപേക്ഷയിൽ വാദിച്ചിരിക്കുന്നു.

ശ്രീ.പി.സലീമിനു നൽകിയ ശിക്ഷ കുറവു ചെയ്യുന്നതിനോ, റദ്ദു ചെയ്യുന്നതിനോ പര്യാപ്തമായ വാദഗതികൾ ഒന്നും തന്നെ അപ്പീൽ അപേക്ഷയിൽ ഉന്നയിച്ചിട്ടില്ലെന്നും ആയതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്നും പരാമർശം (5) പ്രകാരം ഭരണവിഭാഗം അഡീഷണൽ

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.** ശ്രീ.പി.സലീമിനെതിരെ ആറ് കുറ്റങ്ങൾ ആരോപിച്ച് കഠിന ശിക്ഷക്കുള്ള അച്ചടക്ക നടപടിയാണ് ആരംഭിച്ചത്. എന്നാൽ ഔപചാരിക അന്വേഷണത്തിൽ അഞ്ചാമത്തെ കുറ്റം മാത്രമാണ് തെളിയിക്കപ്പെട്ടത്. അതും ഭാഗികമായി മാത്രം. അതുകൊണ്ട് തെളിയിക്കപ്പെട്ട കുറ്റത്തിന് ആനുപാതികമായി എറ്റവും ലഘു ശിക്ഷയായ 'സെൻഷർ' ആണ് നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഈ വിഷയം പുന:പരിശോധിക്കേണ്ട യാതൊരു വസ്തുതയും നിലവിലില്ലാത്തതിനാൽ ശ്രീ.പി.സലീം സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Sajeevan M K
അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 14-09-2021 13:00:45
Reason: Approved
സെക്ഷൻ ഓഫീസർ

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.പി.സലിം, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.